## ഉള്ളടക്കം


- സമർപ്പണം
- ആമുഖം
- പ്രസ്താവന
- പൊതുവിവരണം
- ചരിത്രം
- ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ
- നിർവ്വഹണ ഉദ്യോഗസ്ഥർ
- ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ
- ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ
- ബ്ലോക്ക് പഞ്ചായത്ത് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ
- ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ ചുമതലകളും സേവനങ്ങളും
- ജില്ലാ ഓഫീസുകളുടെ വിവരങ്ങൾ
- ഉത്തരവാദിത്വവും ചുമതലകളും
- ജനപ്രതിനിധികളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും
- ബ്ലോക്ക് പഞ്ചായത്തിന് നടപ്പാകുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ
- സേവനാവകാശം
- ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ ചുമതലകളും സേവനങ്ങളും
- പൗരാവകാശ രേഖ സ്ഥാപന അടിസ്ഥാനത്തിൽ
- പഞ്ചായത്ത് രാജ് പ്രധാന നിയമങ്ങളും ചട്ടങ്ങളും
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
- എം. ജി. എൻ. ആർ. ഇ. ജി. എസ്. രജിസ്ട്രേഷനുള്ള അപേക്ഷാ ഫോറം

# സമർപ്പണം

സുതാര്യതയാണ് സദ്ഭരണത്തിന്റെ മുഖമുദ്ര. അറിയാനുള്ള പൗരന്റെ അവകാശം നിയമം വഴി ഉറപ്പാക്കുന്നതിനാണ് പഞ്ചായത്ത് രാജ് ആക്ട് 272 എ വകുപ്പ് പ്രകാരം പൗരാവകാശരേഖ പ്രസിദ്ധീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. ഭരണസമിതി അധികാരമേറ്റയുടൻ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രാഥമികമായ നടപടികൾ ആരംഭിച്ചു. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ സ്ഥാപനതല സമിതികൾ രൂപീകരിക്കുകയും ജീവനക്കാരുമായി പ്രശ്നങ്ങൾ ചർച്ചചെയ്ത് പരമാവധി പരിഹ രിക്കുകയും സേവനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് പൗരാവകാശരേഖ പ്രസിദ്ധീക രിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്തിന്റെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും സേവനങ്ങൾ ചിട്ടപ്പെടുത്തി സമയബന്ധിതമായി സേവനം പൗരന്മാർക്ക് ഉറപ്പാക്കുക എന്നതാണ് ഈ രേഖ നടപ്പാക്കുകവഴി ഭരണസമിതി ലക്ഷ്യമിടുന്നത്. രേഖയിൽ പറഞ്ഞി ട്ടുള്ള കാര്യങ്ങൾ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പ്രവൃത്തിപഥത്തിലെത്തിക്കു ന്നതിന് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും സർവ്വോപരി ജനങ്ങളുടേയും കൂട്ടായ്മ അനിവാര്യമാണ്. പൗരന്മാർക്ക് സേവനം പരമാവധി ലഭ്യമാക്കുന്നതിൽ ഉദ്യോഗ സ്ഥന്മാർക്കുള്ള പുതുക്കിയ രേഖ പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

വിശ്വാസപൂർവ്വം,

**ശ്രീമതി അജിത രതീഷ്**

പ്രസിഡന്റ്

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

കാഞ്ഞിരപ്പള്ളി

30.04.2025

# ആമുഖം

പഞ്ചായത്ത് രാജ് നിയമത്തിലെ 272(എ) വകുപ്പ് പൗരന്റെ അറിയാനുള്ള അവകാശത്തെയും പൗരാവകാശരേഖയേയും പറ്റി പ്രതിപാദിക്കുന്നു. ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിൽ നിന്നും എന്തെല്ലാം ആനുകൂല്യം ലഭിക്കും. കാര്യക്ഷമവും സുതാര്യവും അഴിമതിരഹിതവുമായ ഭരണം പ്രാവർത്തികമാക്കുന്നതിന് സാധാരണ പൗരന് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് അറിവ് ലഭിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളെപ്പറ്റിയും അവ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളെപ്പറ്റിയും അറിവില്ലാതെ പോകുന്നതിനാൽ പലപ്പോഴും സമൂഹത്തിലെ താഴേക്കിടയിലുള്ള ആളുകൾ അവരുടെ ജീവസന്ധാരണത്തിനും ജീവിതത്തിനും സഹായകരമാകുന്ന ഒട്ടേറെ സർക്കാർ പദ്ധതികളിൽനിന്നും ഒറ്റപ്പെട്ടുപോകുകയാണ്.

തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അറിഞ്ഞുകൂടാത്ത സാമാന്യജനങ്ങളെ ബോധവൽക്കരിക്കുന്നതിനും തദ്വാരാ, തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കു ന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് പൗരാവകാശരേഖ പ്രസിദ്ധീകരിക്കു ന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ മെച്ചപ്പെടു ത്തുന്നതിനും അഴിമതിരഹിതമായും ഫലപ്രദമായും സുതാര്യവുമായും ഭരണം നടത്തുന്നതിന ബ്ലോക്ക് പഞ്ചായത്ത് ആഫീസിൽനിന്നും ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ള സ്ഥാപനങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് അറിവു നൽകുന്നതിനായി ഞങ്ങൾ ഈ പൗരാവകാശരേഖ സമർപ്പിക്കുന്നു. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഈ രേഖ പുതുക്കുന്നതാണ്.

ഒപ്പ്/-

**ശ്രീമതി അജിത രതീഷ്**

പ്രസിഡന്റ്

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

കാഞ്ഞിരപ്പള്ളി

30.04.2025

# പ്രസ്താവന

കേരള പഞ്ചായത്ത് രാജ് ആക്ട് 272 എ വകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിരി ക്കുന്ന പൗരാവകാശരേഖയിൽ കാണിച്ചിരിക്കുന്ന സേവനങ്ങൾ അതാതിന് നേരെ കാണിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പൗരന്മാർക്ക് നൽകുവാൻ പഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്.

ഏതെങ്കിലും പൗരന്മാർക്ക് ഈ രേഖയിൽ കാണിച്ച പ്രകാരം നിശ്ചിത സമയ പരിധിക്കകം സേവനം ലഭിക്കാത്ത പക്ഷം പ്രസിഡന്റിനോ സെക്രട്ടറിക്കോ നേരിട്ടോ, ഫോൺ വഴിയോ, കത്തുവഴിയോ പരാതി ബോധിപ്പിക്കാവുന്നതാണ്. പരാതികളിൽമേൽ ഉടൻ നടപടി സ്വീകരിക്കുന്നതും പരിഹാരം കാണുന്നതും ആ വിവരം ബന്ധപ്പെട്ട വ്യക്തിയെ അറിയിക്കുന്നതുമാണ്.

കൂടാതെ ജനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ, അറിയാനുള്ള അവകാശ നിയമപ്രകാരം നിയോഗിക്കപ്പെട്ടിട്ടുള്ള അധികാരികൾ എന്നിവർക്ക് പരാതി നൽകാവുന്നതാണ്. പരാതികൾ പൂർണ്ണമായും ഒഴിവാക്കി ജനങ്ങൾക്കെല്ലാവർക്കും മെച്ചപ്പെട്ട പൗരസേവനം ഏറ്റവും എളുപ്പത്തിൽ ഏറ്റവും കുറഞ്ഞ സമയത്തിൽ എത്തിക്കുക എന്ന ലക്ഷ്യമാണ് ഈ രേഖ പ്രസിദ്ധീ കരിക്കുന്നതിലുള്ളത്.

ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

എന്ന്,

**ശ്രീമതി അജിത രതീഷ്**
പ്രസിഡന്റ്
കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

കാഞ്ഞിരപ്പള്ളി
30.04.2025

# കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## പൊതുവിവരണം

| | | |
|---|---|---|
| പേര് | : | കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് |
| ജില്ല | : | കോട്ടയം |
| താലൂക്ക് | : | കാഞ്ഞിരപ്പള്ളി |
| ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനം | : | മണ്ണാറക്കയം |
| ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ | : | 3 |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | 15 |
| ഗ്രാമപഞ്ചായത്ത് വാർഡുകൾ | : | 127 |
| ഗ്രാമപഞ്ചായത്തുകൾ | : | 7 |
| ജനസംഖ്യ | : | 209332 (2011 ) |
| പുരുഷന്മാർ | : | 102682 |
| സ്ത്രീകൾ | : | 106700 |
| പട്ടികജാതി ജനസംഖ്യ | : | 23576 |
| പട്ടികവർഗ്ഗ ജനസംഖ്യ | : | 6603 |
| സാക്ഷരത | : | 93% |
| അതിരുകൾ | : | |
| കിഴക്ക് | : | അഴുത ബ്ലോക്ക്, ഇടുക്കി ജില്ല |
| പടിഞ്ഞാറ് | : | വാഴൂർ ബ്ലോക്ക് |
| വടക്ക് | : | ഈരാറ്റുപേട്ട ബ്ലോക്ക് |
| തെക്ക് | : | റാന്നി ബ്ലോക്ക്, പത്തനംതിട്ട ജില്ല |
| ഫോൺ | : | 04828202450 |
| ഇമെയിൽ | : | bdokply@gmail.com |

### അസംബ്ലി മണ്ഡലങ്ങളും പ്രതിനിധികളും

| | | |
|---|---|---|
| കാഞ്ഞിരപ്പള്ളി | : | ഡോ. എൻ. ജയരാജ് എം.എൽ.എ. |
| പൂഞ്ഞാർ | : | അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. |

### പാർലമെന്റ് മണ്ഡലം പ്രതിനിധി

| | | |
|---|---|---|
| പത്തനംതിട്ട | : | ശ്രീ. ആന്റോ ആന്റണി എം.പി. |

### ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

| | | |
|---|---|---|
| കാഞ്ഞിരപ്പള്ളി ഡിവിഷൻ | : | ശ്രീമതി. ജെസ്സി ഷാജൻ |
| മുണ്ടക്കയം ഡിവിഷൻ | : | കുമാരി. അനുപമ പി.ആർ. |
| എരുമേലി ഡിവിഷൻ | : | അഡ്വ. ശുഭേഷ് സുധാകരൻ |

## ബ്ലോക്ക് പഞ്ചായത്ത് ചരിത്രം

കോട്ടയം ജില്ലയുടെ കിഴക്കുഭാഗത്ത് പത്തനംതിട്ട, ഇടുക്കി ജില്ലകളുടെ ഓരം ചേർന്നാണ് കാഞ്ഞിരപ്പള്ളി ബ്ലോക്ക് സ്ഥിതി ചെയ്യുന്നത്. ഒട്ടേറെ ചരിത്രപ്രാധാന്യമുള്ള പ്രദേശമാണിത്. മത സൗഹാർദ്ദത്തിന് മകുടോദാഹരണമായ എരുമേലി ഈ ബ്ലോക്കിന്റെ അഭിമാനമാണ്.

പാണ്ഡ്യരാജ്യവുമായി പഴയ തിരുവിതാംകൂറിന്റെ ബന്ധം പ്രധാനമായി ഇന്നത്തെ കോട്ടയം - കുമളി റോഡിലൂടെ (കെ.കെ. റോഡ്) ആയിരുന്നു. അന്ന് കോട്ടയം മുതൽ കുമളി വരെ നീളുന്ന ഒരു നടപ്പാത ഉണ്ടായിരുന്നു. മതപ്രചാരണത്തിനായി എത്തിയ മിഷനറി സായ്പിന്റെ ആഭ്യർത്ഥന അനുസരിച്ച് തിരുവിതാംകൂർ ദിവാനായിരുന്ന കേണൽ മൺട്രോ 1870ൽ കാളവണ്ടികൾക്കു പോകാനുള്ള ഒരു ഗ്രാമീണപാതയായി നടപ്പാതയെ വികസിപ്പിച്ചു. ഇതാണ് ഇന്നത്തെ കെ.കെ. റോഡ്. ഈ റോഡിന്റെ വികസനത്തോടെ കോട്ടയത്തിനു കിഴക്കുള്ള പ്രദേശത്തിന്റെ മുഖച്ഛായ തന്നെ മാറി.

1950കളിൽ ഗ്രാമവികസന പ്രവർത്തനങ്ങൾ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് നടപ്പാക്കി തുടങ്ങിയത്. ഇതിന്റെ അനുഭവമാണ് ദേശീയ വിജ്ഞാനവ്യാപന പരിപാടിക്ക് (National Extension Service NES) രൂപം നൽകിയത്. വിവിധ സംസ്ഥാന ങ്ങളിൽ 55 പ്രദേശങ്ങളിൽ 1952 ഒക്ടോബർ 2 ന് സാമൂഹ്യ വികസന പരിപാടികൾ (Community Development Programme) ആരംഭിച്ചു. ഇതിന്റെ ഭാഗമായി കേരളത്തിലെ പാലക്കാട്, ചാലക്കുടി, കുന്നത്തുനാട്, നെയ്യാറ്റിൻകര എന്നീ സ്ഥലങ്ങളിൽ ഇത്തരം പരിപാടികൾ നടപ്പിലാക്കുന്ന ഏജൻസികളായ ചഋട ബ്ലോക്കുകൾ രൂപീകരിക്കപ്പെട്ടു. ഒരു ലക്ഷം ജനങ്ങൾക്ക് ഒരു ബ്ലോക്ക് എന്ന നിലയിലായിരുന്നു അന്ന് വിഭാവനം ചെയ്തിരുന്നത്.

1958 കാലഘട്ടത്തിൽ ചഋട ബ്ലോക്കുകൾ വ്യാപകമായി. കാഞ്ഞിരപ്പള്ളി ബ്ലോക്കിന്റെ രൂപീകരണവും ഈ ഘട്ടത്തിലാണ്. വാടകക്കെട്ടിടത്തിലാണ് ആദ്യം ഇത് പ്രവർത്തിച്ചത്. തുടർന്ന് ശ്രീ. തോമസ് ചാക്കോ മുക്കാടൻ, ബ്ലോക്ക് ഓഫീസ് കെട്ടിടം പണിയാൻ രണ്ടേക്കർ സ്ഥലം നൽകി. മാത്രമല്ല ബ്ലോക്കാഫീസിലേക്ക് മുപ്പതടി വീതിയിൽ റോഡും നിർമ്മിച്ച് റോഡിലുള്ള രണ്ടു കലുങ്കുകളും അദ്ദേഹം പണിയിപ്പിച്ചുകൊടുത്തു. വികസനമോ താമസസൗകര്യമോ വേണ്ടത്ര ഇല്ലാത്ത പ്രദേശം ആയതിനാൽ അഞ്ചാറ് ഇടത്തരം കെട്ടിടങ്ങളും ഉദ്യോഗസ്ഥന്മാർക്ക് വേണ്ടി പണിതീർത്ത് നൽകി. ബ്ലോക്കാഫീസിന്റെ പ്രവർ